©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10 Vol. X | തിരുവനന്തപുരം, ചൊവ്വ Thiruvananthapuram, Tuesday | 2021 മേയ് 11 11th May 2021 / 1196 മേടം 28 28th Medam 1196 / 1943 വൈശാഖം 21 21st Vaisakha 1943 | നമ്പർ No. | 19 |

## PART III

# Dairy Development Department

### രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

നമ്പർ സി-1679/2019/R.dis. 2021 മാർച്ച് 10.

പരിയാപുരം കോ-ഓപ്പറേറ്റീവ് മിൽക്ക് സപ്ലൈ സൊസൈറ്റി ക്ലിപ്തം നമ്പർ പി.493-ന്റെ ബൈലോ 1969-ലെ കേരള സഹകരണസംഘം നിയമത്തിലെ 12-ാം വകുപ്പനുസരിച്ചും, എന്നിൽ നിക്ഷിപ്തമായിട്ടുള്ള അധികാരമുപയോഗിച്ചും സമൂല ഭേദഗതി വരുത്തി പരിയാപുരം ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 493 ആപ്കോസ് ആയി ഇതിനാൽ രജിസ്റ്റർ ചെയ്തിരിക്കുന്നു.

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ക്ഷീര വികസന യൂണിറ്റിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന "പരിയാപുരം കോ-ഓപ്പറേറ്റീവ് മിൽക് സപ്ലൈ സൊസൈറ്റി ക്ലിപ്തം നമ്പർ പി. 493" മലപ്പുറം ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ 10-3-2021-ലെ സി-1679/2019/ആർ.ഡിസ്. ഉത്തരവ് പ്രകാരം മേൽ സംഘം ബൈലോ സമൂല ഭേദഗതി വരുത്തി "പരിയാപുരം ക്ഷീരോൽപാദക സഹകരണസംഘം ക്ലിപ്തം നമ്പർ പി. 493 ആപ്കോസ്" ആയി രജിസ്റ്റർ ചെയ്തിരിക്കുന്നു.

ക്ഷീരവികസന വകുപ്പ്,
ഡെപ്യൂട്ടി ഡയറക്ടറുടെ
കാര്യാലയം, മലപ്പുറം.

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ.

Gaz. No.19/2021/DTP (Dairy Development).

### ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : ശ്രീമതി ജിജ സി. കൃഷ്ണൻ)

നമ്പർ സി-843/2013. 2021 ഏപ്രിൽ 16.

വിഷയം:—ക്ഷീര വികസന വകുപ്പ്, കാസർഗോഡ് ജില്ല—സീതാംഗോളി—ഗോകുൽ പാൽ വിതരണ സഹകരണസംഘം നമ്പർ സി 45(ഡി)—സംഘം പ്രവർത്തനം സമാപ്തീകരണം—ലിക്വിഡേറ്ററെ നിയമിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ്.

പരാമർശം:—(1) ഈ ഓഫീസിലെ 16-11-2020-ലെ ഇതേ നമ്പർ കത്ത്.

(2) മഞ്ചേശ്വരം ക്ഷീരവികസന ഓഫീസറുടെ 1-2-2021-ലെ റിപ്പോർട്ട്.

കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ബ്ലോക്ക് പരിധിയിൽ വർഷങ്ങളായി പ്രവർത്തന രഹിതമായി കിടന്ന സീതാംഗോളി-ഗോകുൽ പാൽ വിതരണ സഹകരണസംഘം തുറന്നു പ്രവർത്തിക്കാനുള്ള സാദ്ധ്യത അന്വേഷിക്കുന്നതിനായി സൂചന (1) പ്രകാരം മഞ്ചേശ്വരം ക്ഷീരവികസന ഓഫീസറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിക്കുകയും, സൂചന (2) പ്രകാരം ടിയാൻ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ റിപ്പോർട്ട് പ്രകാരം സംഘം പുനരുദ്ധരിക്കാൻ സാദ്ധ്യത ഇല്ല എന്നും ലിക്വിഡേറ്റ് ചെയ്യാവുന്നതാണെന്നും ശുപാർശ ചെയ്തിട്ടുണ്ട്. സംഘത്തിന്റെ സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കുന്നതിനായി ലിക്വിഡേറ്ററെ നിയമിക്കാവുന്നതാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

**ഉത്തരവ്**

മേൽ സാഹചര്യത്തിൽ സീതാംഗോളി—ഗോകുൽ ക്ഷീരോല്പാദക സഹകരണ സംഘം നമ്പർ സി 45 (ഡി) ആപ്കോസിന്റെ സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കുന്നതിനായി 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71(2) ഉപവകുപ്പിലെ അധികാരം ഉപയോഗിച്ചുകൊണ്ട് പരിസമാപ്തീകരിക്കുന്നതിന് മഞ്ചേശ്വരം ക്ഷീരവികസന ഓഫീസറെ സഹകരണനിയമത്തിലെ 72(1) വകുപ്പ് പ്രകാരം ലിക്വിഡേറ്ററായി നിയമിച്ച് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ ചുമതല ഏറ്റെടുത്ത തീയതി മുതൽ 3 വർഷത്തിനകം സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കേണ്ടതും ഓരോ മാസത്തിലും ലിക്വിഡേഷൻ നടപടികൾ സംബന്ധിച്ച പുരോഗതി റിപ്പോർട്ട് ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്. ലിക്വിഡേറ്റർ എത്രയും വേഗം ചുമതല ഏറ്റെടുത്ത് വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

ക്ഷീരവികസന വകുപ്പ്
ഡെപ്യൂട്ടി ഡയറക്ടറുടെ
കാര്യാലയം, കാസറഗോഡ്.

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ.